# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.576** **24.01.2018-ൽ മറുപടിയ്ക്ക്**

## കിൻഫ്ര മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.എ.പി.അനിൽ കുമാർ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ.എ.സി.മൊയ്തീൻ**<br>**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **എ)** സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചക്ക് കിൻഫ്ര നല്കിയ സംഭാവനകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | **എ)** സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചക്ക് കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 22 വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിന് പാർക്ക് തോറും ഏകജാലക സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 727 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ നല്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഏകദേശം 1400 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 19964 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| **ബി)** ഈ സർക്കാരിന്റെ കാലത്ത് കിൻഫ്ര മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | **ബി)** **പുതിയ പദ്ധതികൾ**<br>1. വ്യവസായ പാർക്ക്, മട്ടന്നൂർ<br>2. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>3. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br>4. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്<br>5. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ<br>6. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം<br>7. ഐ.ടി./ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം-രണ്ടാംഘട്ട വികസനം<br>8. ഫാർമാ പാർക്ക്, എറണാകുളം<br>9. കിൻഫ്ര പാർക്ക്, കാക്കഞ്ചേരി- രണ്ടാംഘട്ട വികസനം<br>10. മെഗാ ഫുഡ് പാർക്ക്, പാലക്കാട്<br>11. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>12. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം<br>13. ജെം. & ജുവലറി പാർക്ക്, പുഴക്കൽ<br>14. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം<br>15. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം<br>16. വിവിധോദ്ദേശ സോണുകൾ- കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് |
| **സി)** ഇതിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുവെന്ന് വിശദമാക്കാമോ? | **സി)** കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. മെഗാ ഫുഡ് പാർക്ക്, പാലക്കാട്<br>2. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ കാക്കനാട്, എറണാകുളം<br>3. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം<br>4. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>ഇവയിൽ മെഗാ ഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക്, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം എന്നീ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**